## നഗരകാര്യ മദ്ധ്യമേഖല ജോയിന്റ് ഡയറക്ടറുടെ ഉത്തരവ് നടപടികൾ

നഗരകാര്യ റീജ്യണൽ ജോയിന്റ് ഡയറക്ടറാഫീസ്, കൊച്ചി - തൃശ്ശൂർ കോർപ്പറേഷനിലെ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീ.എം.ജി.സുഗതന്റെ ലൈസൻസ് ഒരു വർഷത്തേക്ക് സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

==================================================================

ജി6/1102/15 തീയതി. കൊച്ചി 23.6.2015.

------------------------------------------------------------------

പരാമർശം:- 1. സർക്കാരിന്റെ 22.4.2015 ലെ **4604/ആർ.ബി2/2013/ത.സ്വ.ഭ.വ** നം. കത്ത്
2. ഈ ഓഫീസിലെ 16.5.2015 ലെ ഇതേ നം. കാരണം കാണിക്കൽ നോട്ടീസ്
3. ശ്രീ.എം.ജി.സുഗതന്റെ 25.5.2015 ലെ വിശദീകരണം

## ഉത്തരവ്

പരാമർശം (1) പ്രകാരം തെറ്റായ പ്ലാൻ വരച്ചു നൽകിയ സൂപ്പർവൈസർ ശ്രീ.എം.ജി.സുഗതൻ എന്നവർക്കെതിരെ നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ടു ചെയ്യുവാൻ ഇതിനാസ്പദമായ തൃശ്ശൂർ ടൗൺ പ്ലാനറുടെ റിപ്പോർട്ട് സഹിതം സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. ടൗൺ പ്ലാനറുടെ റിപ്പോർട്ടിൽ തൃശ്ശൂർ കോർപ്പറേഷനിൽ നിന്നും 26.12.2011 ൽ DW3/BA/319/10-11 പ്രകാരം ശ്രീ.അബ്ദുർ റഹ്മാൻ എന്നയാൾക്ക് പെർമിറ്റ് ലഭിക്കുന്നതിന് തെറ്റായ രീതിയിൽ പ്ലാനുകൾ തയ്യാറാക്കി സമർപ്പിച്ച ലൈസൻസിക്കെതിരെ നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്യുകയുണ്ടായി. പരാമർശം (2) പ്രകാരം ഈ ഓഫീസിൽ നിന്നും നൽകിയ കാരണം കാണിക്കൽ നോട്ടീസിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷയിൽ 2011 ഫെബ്രുവരിയിലാണ് പ്ലാൻ വരച്ച് നൽകിയതെന്നും പ്ലാൻ തയ്യാറാക്കുന്നതിനു മുന്നോടിയായി സ്ഥലത്തിന്റെ നികുതിയടച്ച രസീതും ആധാരവും പരിശോധിച്ചതിൽ 0.0114 ഹെക്ടർ വിസ്തീർണ്ണം സ്ഥലത്തിനുള്ളതായി കണ്ടതിനാലാണ് കെ.എം.ബി.ആർ പ്രകാരം 125 മീറ്റർ സ്ക്വയർ പരിധിക്കുള്ളിൽ വരുന്ന ചെറിയ പ്ലോട്ടുകൾക്കുള്ള വിധത്തിൽ പ്ലാൻ തയ്യാറാക്കിയതെന്ന് വിശദീകരിക്കുകയുണ്ടായി. പ്ലാനിൽ commercial building എന്നു രേഖപ്പെടുത്തുന്നതിനു പകരം residential building എന്ന് തെറ്റായി രേഖപ്പെടുത്തിയതാണെന്നും മനഃപൂർവ്വമായി ഒരു തെറ്റും ചെയ്തിട്ടില്ലെന്നും അറിയാതെ എന്തെങ്കിലും തെറ്റുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ മാപ്പപേക്ഷിക്കുകയും ചെയ്യുകയുണ്ടായി.

തൃശ്ശൂർ കോർപ്പറേഷന്റെ ബന്ധപ്പെട്ട പെർമിറ്റ് ഫയൽ പരിശോധിച്ചതിൽ കെട്ടിടമുടമ ശ്രീ.പി.വി.അബ്ദുൾ റഹ്മാന് 01.12.14 ലെ പരസ്യലേലത്തിലൂടെയാണ് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ലഭിക്കുന്നത്. തൃശ്ശൂർ മുൻസിഫ് കോടതിയുടെ 2005 ആഗസ്റ്റ് 10 ലെ O.S 470/74 in IA 4861/90 ഉത്തരവിലെ വസ്തുവിവര പട്ടിക പരിശോധിച്ചതിൽ 1317/16, 1317/17, 1317/18, 1317/19, 1317/12 സർവ്വേ നമ്പരുകളിൽ 0.3 1/3 സെന്റ് സ്ഥലം മാത്രം ഉടമക്ക് ലഭിച്ചിട്ടുണ്ട്. ആയതിനാൽ തന്നെ കെ.എം.ബി.ആർ-1999 റൂൾ 60 - ന്റെ പരിധിയിൽ ഈ പ്ലോട്ടുകൾ ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ല. പ്ലാനിൽ ഉടമസ്ഥതയെ സംബന്ധിച്ച രേഖകൾ പരിശോധിച്ചാണ് site plan തയ്യാറാക്കിയിരിക്കുന്നത് എന്ന് ലൈസൻസി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നും 1999-ലെ കെ.എം.ബി.ആർ റൂൾ 60 പ്രകാരം ചെറിയ പ്ലോട്ടുകൾക്കുള്ള ആനുകൂല്യം നിയമവിരുദ്ധമായി കെട്ടിടമുടമക്ക് നേടി കൊടുക്കുന്നതിന് ബോധപൂർവ്വമായ ശ്രമം ലൈസൻസിയുടെ ഭാഗത്തു നിന്നും ഉണ്ടായതായി വ്യക്തമാണ്. കെ.എം.ബി.ആർ റൂൾ 153 പ്രകാരം നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ട് പ്ലാൻ തയ്യാറാക്കേണ്ട ലൈസൻസിയുടെ ഭാഗത്തെ സാരമായ വീഴ്ചയായി മാത്രമേ ഇതിനെ കണക്കാക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ശ്രീ.എം.ജി സുഗതൻ, എഞ്ചിനീയർ 'ബി' ~~സൂപ്പർവൈസർ 'എ'~~ എന്നയാളുടെ രജിസ്ട്രേഷൻ 1999-ലെ കെ.എം.ബി.ആർ റൂൾ 153 (8) പ്രകാരം 01.7.2015 മുതൽ ഒരു വർഷത്തേയ്ക്ക് സസ്പെൻഡ് ചെയ്യുന്നു.

സി.സി.ശശിധരൻ
റീജിയണൽ ജോയിന്റ് ഡയറക്ടർ

ശ്രീ.എം.ജി.സുഗതൻ (Registration No.A1/13420/03/288/EB)
അറയ്ക്കൽ ഹൗസ്, സൗപർണ്ണിക
പെരിങ്ങാവ് പി.ഒ, തൃശ്ശൂർ-18

(ശ്രീ.എം.ജി.സുഗതൻ ടിയാന്റെ ലൈസൻസ് രേഖകൾ ഈ ഉത്തരവ് കൈപ്പറ്റി ഏഴ് ദിവസത്തിനുള്ളിൽ ഈ ഓഫീസിൽ ഹാജരാക്കേണ്ടതാണ്.)

പകർപ്പ്:-

1. ഗവൺമെന്റ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. റീജയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്,